ക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച റീച്ചിന്റെ പണികൾ പെട്ടെന്ന് തീർക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(14) പാലാ ഗവൺമെന്റ് ആശുപത്രിയുടെ ബഹുനില കെട്ടിടം തുറന്നുകൊടുക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ.എം. മാണി : സർ, പാലാ ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ ബഹുനില കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകൾ മാത്രം അവശേഷിക്കുന്നു. അതിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട കെ.എം. മാണി ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടുദിവസംമുമ്പ് അവിടത്തെ എം.പി.യുടെ ഒരു നിവേദനവും ലഭിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതീകരണം, വാട്ടർ സപ്ലൈ തുടങ്ങിയ വർക്കുകൾ തീർക്കുന്നതിന് ആവശ്യമായ ഫണ്ട് അലോട്ട് ചെയ്യാൻ ധനകാര്യ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(15) പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചതിൽ അർഹമായ പരിഗണന ലഭിച്ചില്ല എന്ന പരാതി

ശ്രീ. നാലകത്ത് സൂപ്പി : സർ, പ്ലസ് ടൂ സ്കൂളുകൾ അനുവദിച്ചതിൽ മുസ്ലീം വിഭാഗം അടക്കമുള്ള പിന്നോക്ക വിഭാഗങ്ങളോട് ഈ ഗവൺമെന്റ് നീതിപൂർവ്വമായ ഒരു സമീപനം സ്വീകരിച്ചില്ലായെന്ന് പരാതി ഉയർന്നുവന്നിട്ടുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് ബോദ്ധ്യമായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ മുസ്ലീം സംഘടനകൾ, ജനസംഖ്യയുടെ 25 ശതമാനം വരുന്നവർ ഒന്നിച്ച് ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്. ആദ്യം പ്രസിദ്ധീകരിച്ച 178 സ്കൂളുകളിൽ 14 സ്കൂളുകൾക്ക് മാത്രം പ്ലസ് ടൂ കിട്ടിയപ്പോൾ, അതു ബോധ്യപ്പെടുത്തിയപ്പോൾ പരിഹരിക്കാമെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു. അത് പരിഹരിക്കുന്നതിനായി, 48 സ്കൂളുകൾ വീണ്ടും അനുവദിച്ചപ്പോൾ അതിൽ 8 സ്കൂളുകൾ മാത്രമാണ് ഈ വിഭാഗത്തിന് അനുവദിച്ചത്. മുസ്ലീം കമ്മ്യൂണിറ്റിക്ക് മാത്രമല്ല, ഈഴവ കമ്മ്യൂണിറ്റിക്കും പരാതിയുണ്ട്. അവർ കോടതിയിൽ പോയിരിക്കുകയാണ്. കത്തോലിക്കാ സമൂഹത്തിന് അവരുടേതായ പരാതിയുണ്ട്. പ്രൊഫഷണൽരംഗത്ത് അൺഎയ്ഡഡ് മേഖലയിൽ പ്ലസ് ടൂ അനുവദിക്കണമെന്ന് അവരും പരാതിപ്പെട്ടിട്ടുണ്ട്. അങ്ങനെ എല്ലാ സമുദായക്കാരും, എല്ലാ വിഭാഗങ്ങളും, വിദ്യാഭ്യസമേഖലയിലുള്ള മുഴുവൻ ആളുകളും, എയ്ഡഡ് മേഖലകളിലുള്ള മുഴുവൻ ആളുകളും ഇന്ന് പ്രതിഷേധത്തിന്റെ വക്കിലാണ്. മുസ്ലീങ്ങൾ മുസ്ലീം വിദ്യാഭ്യാസസംരക്ഷണസമിതി രൂപീകരിക്കുകയും എല്ലാ ഡി.ഡി. ഓഫീസുകൾക്കുമുമ്പിലും പ്രതിഷേധ സൂചകമായി 19-ാം തീയതി ധർണ്ണനടത്തുകയും ചെയ്തു. ഇന്നലെ കരിദിനം എന്നുള്ള നിലയ്ക്ക് മുസ്ലിം സ്കൂളുകൾ അടച്ചിട്ട് സമരം നടത്തി. ആ വിഷയം ഇന്നലെ അവതരിപ്പിക്കുവാൻ സാധിക്കാതെ പോയി. ഏതായാലും ഇന്ന് അവതരിപ്പിക്കുന്നു. ഇന്ന് നമ്മൾ പിരിയുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്. ഈ കാര്യത്തിൽ വളരെ നീതിപൂർവ്വമായ സമീപനം സ്വീകരിക്ക

LIBRARY ARCHIVES Kerala Legislative Assembly

ണം എന്നാണ്. യൂത്തുലീഗ് സമരം നടത്തിയപ്പോൾ ബഹുമാനപ്പെട്ട അങ്ങേയ്ക്കും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കും നിവേദനം കൊടുത്തു. പരിഹരിക്കാമെന്ന് പറഞ്ഞു. കഴിഞ്ഞതവണ പറഞ്ഞ ഒരു ന്യായം മുസ്ലീം മാനേജ്മെന്റ് കോളേജുകൾ ഇല്ല; ഉള്ള കോളേജുകൾക്കടുത്ത് സ്കൂളുകളില്ലാ എന്നാണ്. സ്കൂൾ ഉണ്ടെങ്കിൽ അല്ലേ പ്ലസ് ടൂ കൊടുക്കുവാൻ കഴിയൂ എന്നാണ് വച്ച ഉപാധി, നമ്മുടെ സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച മാനദണ്ഡം, സ്കൂളുകൾ ഇല്ലാത്ത, പ്രീഡിഗ്രി ഡീലിങ്ക് ചെയ്ത സ്ഥലങ്ങളിൽ പുതിയ ഹൈസ്കൂളുകൾ അനുവദിക്കുക എന്നതാണ്. അതിന്റെ പ്രൊപ്പോസൽ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അതിനുവേണ്ടി പ്രിലിമിനറി നോട്ടിഫിക്കേഷൻ ഇറക്കി. ഇതുവരെ കെ.ഇ.ആർ. അനുസരിച്ച് അത് ഫൈനലൈസ് ചെയ്തിട്ടില്ല. അൺഎയ്ഡഡ് മേഖലകളിൽ സ്വാശ്രയ കോളേജുകൾ കൊടുക്കുന്നുണ്ടല്ലോ; ഗവൺമെന്റിന്റെ സമീപനം മാറ്റി ആ രീതിയിൽ കൂടുതൽ സ്ഥാപനങ്ങൾ അനുവദിക്കുവാൻ തീരുമാനമെടുക്കണം., പ്ലസ് ടൂ കൊടുക്കുവാൻ ശ്രമിക്കണം. എല്ലാ മേഖലയും പരിഗണനയിലെടുക്കണം. കഴിവനുസരിച്ച് എല്ലാ മേഖലകളിലും ഉള്ളവർ പ്രവർത്തിക്കട്ടെ, ഈ രണ്ട് കാര്യങ്ങളിൽ തീരുമാനം ഉണ്ടാകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയുവാനുള്ളത്. ഇന്ന് നമ്മൾ പിരിയുകയാണ്. ഷേക്സ്പിയറിന്റെ മാക്ബത്ത് എന്ന കൃതിയിൽ ജൂലിയസ് സീസർ, XXXXX* എന്ന് പറഞ്ഞതുപോലെ XXXXX* എന്നുപറയേണ്ട സ്ഥാനത്തേയ്ക്ക് ഞങ്ങളെ എത്തിക്കരുത്.

<u>മി. സ്പീക്കർ</u> : ഈ പറഞ്ഞതൊന്നും രേഖയിൽ ഉണ്ടാവില്ല.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്)</u> : സർ, ബഹുമാനപ്പെട്ട നാലകത്ത് സൂപ്പി പറഞ്ഞ എല്ലാ കാര്യങ്ങളും പലവട്ടം ഇവിടെ ഉന്നയിക്കപ്പെടുകയും അവയ്ക്ക് മറുപടി പറയുകയും ചെയ്തിട്ടുള്ളതാണ്. എന്തെങ്കിലും കാര്യം പറയണമെന്ന് വിചാരിച്ചാണ് ഒടുവിൽ ഇതു പറഞ്ഞത്. പ്ലസ് ടൂ സ്കൂളുകൾ പൂർണ്ണമായി അനുവദിക്കുന്നതുവരെ എല്ലാ പേർക്കും പരാതിയുണ്ടാകും. കണക്കിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഈ പറയുന്ന മേഖലകളിൽ കോളേജുകൾക്ക് അടുത്ത് സ്കൂളുകളില്ല. സ്കൂളുകൾ ആരംഭിച്ച് അതു പരിഹരിക്കണമെന്ന ആവശ്യം പ്രസക്തമാണെന്ന് കണ്ട് അതു പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളുടെ കാര്യത്തെ സംബന്ധിച്ച്, ഇതുവരെ വേണ്ടായെന്നുള്ള തീരുമാനം സ്വീകരിച്ചിട്ടില്ല. പ്രൊപ്പോസൽ ഉൾപ്പെടെ വന്നിട്ടുള്ള ഒട്ടേറെ കാര്യങ്ങളെ സംബന്ധിച്ച് വീണ്ടും ചർച്ചചെയ്യുന്നതാണ്.

പ്രീ-ഡിഗ്രിക്ക് ഒരുലക്ഷത്തി രണ്ടായിരം സീറ്റുണ്ടായിരുന്ന സ്ഥാനത്ത് ഈ വർഷം പ്ലസ് ടുവിന് ഒരുലക്ഷത്തിഅമ്പതിനായിരം സീറ്റുണ്ട്. രണ്ടര ലക്ഷം കുട്ടികളാണ് എസ്.എസ്.എൽ.സി പാസ്സാകുന്നത്. ഇരുപതിനായിരത്തോളം സീറ്റുകൾ വി.എച്ച്.എസ്.ഇ.യിലുണ്ട്. ഒട്ടേറെ മേഖലകളിൽ എസ്.എസ്.എൽ.സി. പാസ്സായവർക്ക് സീറ്റുകളുള്ള ഒരു പശ്ചാത്തലത്തിൽ യാഥാർത്ഥ്യവുമായി തട്ടിച്ചുനോക്കുമ്പോൾ വലിയ പ്രശ്നങ്ങൾ അഡ്മിഷന്റെ പേരിൽ ഇല്ല എന്നുള്ളതാണ് വസ്തുത. ഏതായാലും ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പിന്നോക്ക പ്രദേശങ്ങളിൽ പ്രത്യേകമായി കോളേജുകൾ നട

XXXXX* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

XXXXX* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ത്തുന്ന സമുദായങ്ങൾക്ക് കൂടുതൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്ന കാര്യം തീർച്ചയായിട്ടും അനുഭാവപൂർവ്വം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

(16) പി.എസ്.സി. ലിസ്റ്റിൽനിന്ന് കോളേജദ്ധ്യാപകരെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി.എൻ. ജയദേവൻ : സർ, നമ്മുടെ സംസ്ഥാനത്തെ കോളേജ് അദ്ധ്യാപകരുടെ നിയമനം ഗവൺമെന്റ് നിർത്തിവച്ചിരിക്കുകയാണ്. പക്ഷെ പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പ്രയാസങ്ങളും ബുദ്ധിമുട്ടുമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് . നിയമനം നിർത്തിവച്ചിരിക്കുന്നതുമൂലം പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട യോഗ്യതയുള്ളവർക്ക് നിയമനം ലഭിക്കുന്നതിനുള്ള അവസരങ്ങൾ നഷ്ടപ്പെടുകയാണ്. പലരുടേയും പ്രായപരിധി കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. പി.എസ്.സി. ലിസ്റ്റിൽനിന്ന് ഒരാളെയെങ്കിലും നിയമിക്കണമെന്ന വ്യവസ്ഥയും ലംഘിക്കപ്പെടുകയാണ്. ഫിസിക്സ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം ആവശ്യപ്പെട്ടുകൊണ്ട് ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ ഫിസിക്സുകാർക്ക് നിയമനം കിട്ടി. അതിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കണമെന്ന്, ആവശ്യപ്പെട്ടുകൊണ്ട് ഡിവിഷൻബെഞ്ചിൽ അപ്പീൽ നൽകിയെങ്കിലും ലിസ്റ്റിൽനിന്നും ഒരൊറ്റയാളിനെപ്പോലും നിയമിച്ചിട്ടില്ല. അവരിൽ പലരുടേയും പ്രായപരിധി കഴിയുകയാണ്. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഭാഗം അദ്ധ്യാപകരുടെ റാങ്കുലിസ്റ്റുകളിലുൾപ്പെട്ടവരുടെ പ്രായപരിധിയും കഴിയുകയാണ്. അവരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാക്കണം, ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പ്രീഡിഗ്രി ബാച്ചുകൾ വേർപ്പെടുത്തിക്കഴിയുമ്പോൾ കോളേജുകളിൽ അദ്ധ്യാപകരുടെ പോസ്റ്റുകളുടെ എണ്ണം കുറയുക സ്വാഭാവികമാണ്. പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളിൽ നിലവിലുള്ള അദ്ധ്യാപകരെ വിന്യസിപ്പിക്കേണ്ടതുണ്ട്. യഥാർത്ഥത്തിലുള്ള ആവശ്യം കണക്കിലെടുത്തശേഷം പുതിയ തസ്തികകൾ അനുവദിക്കും. ഈ ആവശ്യങ്ങൾ പരിശോധിക്കുന്നതിന് ഒരു എംപവേർഡ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. സർപ്ലസ് ടീച്ചേഴ്സില്ലെന്ന് ബോധ്യപ്പെടുത്തിയാൽ വേക്കൻസികളിലേയ്ക്ക് പുതിയ നിയമനങ്ങൾ നടത്തുന്നതാണ്. താൽക്കാലികമായി ഉണ്ടാകുന്ന വേക്കൻസികളിൽ ഗസ്റ്റ് ലക്ചർമാരെ നിയമിക്കാനാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. പലവട്ടം ചർച്ചചെയ്യപ്പെട്ട ഒരു കാര്യമാണിത്. സർപ്ലസ് ടീച്ചേഴ്സ് ഇല്ലെന്ന് വന്നാൽ പി.എസ്.സി ലിസ്റ്റിൽനിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാൻ എംപവേർഡ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(17) കണിയാപുരം കെ.എസ്.ആർ.ടി.സി ബസ്സ്റ്റേഷന്റെ അപര്യാപ്തതകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഉദ്ഘാടനം കഴിഞ്ഞ് രണ്ടു വർഷം തികയാറായിട്ടും കണിയാപുരം നിയോജകമണ്ഡലത്തിലെ കണിയാപുരം കെ.എസ്.ആർ.ടി.സി. ബസ്സ്റ്റേഷൻ അപര്യാപ്തതകൾകൊണ്ട് വീർപ്പു

LIBRARY ARCHIVES Kerala Legislative Assembly